(ബി) എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്; എത്ര എണ്ണം വിട്ടുപോയിട്ടുണ്ട്;

(സി) മദ്യനിരോധനനിയമം ലംഘിച്ചതിനു മദ്യനിരോധന ഉദ്യോഗസ്ഥന്മാർ തന്നെ കേസുകളിൽ ചാർജ്ജു് ചെയ്യപ്പെട്ടിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ തിരുവിതാംകൂർ–കൊച്ചിയിൽ അങ്ങനെ ചാർജ്ജുചെയ്യപ്പെട്ടിട്ടുള്ളവർ എത്രപേർ; അവർ എവിടെയെല്ലാമാണു്?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954–55 വർഷത്തിൽ 194 കേസ്സുകളും, 1955–56–ൽ 15–8–55 വരെ 55 കേസ്സുകളും.

(ബി) 1954–55–ൽ 179 കേസ്സുകളും, 1955–1956ൽ 49 കേസ്സുകളും ശിക്ഷിച്ചിട്ടുണ്ടു്.

1954–55–ൽ ഒരു കേസും വിട്ടിട്ടില്ല. 1955–56–ൽ 15–8–53 വരെ 9 കേസുകൾ വിട്ടുപോയിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) നാലുപേർ. രണ്ടുപേർ തകഴി റേഞ്ചിലും, ഒരാൾ ഇരണിയൽ റേഞ്ചിലും മറ്റേയാൾ ചെങ്കോട്ട റേഞ്ചിലുമാണു്. ഇവരിൽ ഒരാൾ കാറക്കരനല്ലെന്നു തെളിഞ്ഞിട്ടുണ്ടു്. രണ്ടുപേരുടെ കേസ്സു് വിചാരണയിലിരിക്കുകയാണു്. ഒരാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടു്.

ടാർ ചെയ്ത റോഡുകൾ.

* 586. [44] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഇപ്പോൾ എത്ര റോഡുകൾ ടാർ ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്;

(ബി) ഏതെല്ലാം;

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ):

(എ) 23.

(ബി) † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

പാൽ, അരി വിതരണം.

* 587. [45] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി എത്ര കേന്ദ്രങ്ങളിൽ പാൽ വിതരണവും, അരിവിതരണവും നടത്തുന്നുണ്ടു്;

(ബി) 1953–54 വർഷത്തിൽ എത്ര പാൽപ്പൊടിയും, എത്ര അരിയും വിതരണം ചെയ്തിട്ടുണ്ടു്;

(സി) ഈ വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതാരാണു്;

(ഡി) ഈ ഇനത്തിൽ എത്ര രൂപ ചെലവായി?

† Please see Appendix No. VI.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പാൽ വിതരണകേന്ദ്രങ്ങൾ 674.
അരി വിതരണകേന്ദ്രങ്ങൾ 558.

(ബി) പാൽപ്പൊടി 3,52,050 പൗണ്ട്;
അരി 126 ടൺ, 1358 പൗണ്ട്.

(സി) കൺവീനർ, അസിസ്റ്റൻറ് കൺവീനർ, പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ മറ്റ് ഉദ്യോഗസ്ഥന്മാരും.

(ഡി) 1953-54 വർഷത്തിൽ 20,815 രൂപ, 14 അണ ചെലവായി.

പുതിയ ആശുപത്രികൾ.

* 588. [46] ശ്രീ. പ്രാക്കുളം മാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ആശുപത്രികൾ ആരംഭിക്കുന്നതു സംബന്ധിച്ചു ഇപ്പോഴുള്ള വ്യവസ്ഥകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തമായിട്ടുള്ള ഡാക്ടർ ഇ. കെ. മാധവൻ ചെയർമാനായിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശുപാർശകൾ എന്തെല്ലാമാണ്; കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സാമ്പത്തികവർഷത്തിൽ എത്ര ആശുപത്രികൾ സ്ഥാപിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) † കമ്മിറ്റിയുടെ ശുപാർശകൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു.

(സി) ഒന്നും ഇല്ല

ലിഫ്റ്റ് ഇറിഗേഷൻ.

* 589. [49] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറ് നേരിട്ടു നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ശരാശരി ഒരേക്കറിന് എത്രവീതം ചെലവു വരുന്നുണ്ട്;

(ബി) ഗവണ്മെൻറ് നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ ഉപയോഗിക്കുമികൾക്ക് ഒരേക്കറിന് എത്രവീതം വെള്ളക്കരം ചുമത്തുന്നുണ്ട്;

(സി) സഹകരണസംഘങ്ങൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ ഗവണ്മെൻറിൽനിന്നും എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ;

† Please see Appendix No. VII.

LIBRARY ARCHIVES Kerala Legislative Assembly